Santhigiri

ഉമ്മിണിതങ്കം

VOL 05 | ISSUE 21 | 2019 മെയ് 26 | 1194 ഇടവം 12

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"സ്നേഹം എല്ലാവർക്കുമുണ്ട്. സ്നേഹം അതിന്റെ അറിവോളം എത്തിച്ചെടുക്കുകയെന്നുള്ളത് ഒരു നിതാന്തജാഗ്രതയിൽ കൂടിയേ കഴിയൂ "

# മോദി വീണ്ടും അധികാരത്തിലേക്ക്

## കേരളത്തിൽ ഉജ്വലവിജയവുമായി യു.ഡി.എഫ്.

**ന്യൂഡൽഹി :** പതിനേഴാമത് ലോക്സഭാ തിരഞ്ഞെടുപ്പിൽ 353 സീറ്റുകൾ നേടി നരേന്ദ്ര മോദി നയിച്ച എൻ.ഡി.എ. സഖ്യം വീണ്ടും അധികാരത്തിലേക്ക്. മോദി പ്രധാനമന്ത്രിയായി വ്യാഴാഴ്ച സത്യപ്രതിജ്ഞ ചെയ്യും. 4.79 ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഉത്തർപ്രദേശിലെ വാരണാസി മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം വിജയിച്ചത്. ഗുജറാത്ത്, രാജസ്ഥാൻ, ഹരിയാന, ഡൽഹി, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ മുഴുവൻ സീറ്റുകളും ബി.ജെ.പി. ഉൾപ്പെട്ട എൻ.ഡി.എ.സഖ്യം തൂത്തുവാരി. ബി.ജെ.പി. അദ്ധ്യക്ഷൻ അമിത്ഷാ അടക്കം പാർട്ടിയിലെ പ്രധാനനേതാക്കളെല്ലാം ഇത്തവണ ജയിച്ചിട്ടുണ്ട്. 303 സീറ്റ് തനിച്ച് ബി.ജെ.പി. നേടി. കേവലഭൂരിപക്ഷത്തിന് 272 സീറ്റാണ് വേണ്ടത്. കോൺഗ്രസ് നയിച്ച യു.പി.എ മുന്നണിയെ തുണച്ചത് കേരളവും തമിഴ്നാടും പഞ്ചാബും മാത്രമാണ്.



നരേന്ദ്രമോദി

ദേശീയതലത്തിൽ തിരിച്ചടി നേരിട്ടെങ്കിലും കേരളത്തിൽ കോൺഗ്രസ് മികച്ച വിജയം നേടി. പാർട്ടി അദ്ധ്യക്ഷൻ രാഹുൽഗാന്ധിക്ക് വയനാട് നിന്നും റിക്കാർഡ് ഭൂരിപക്ഷത്തിൽ വിജയിക്കാനായതും സംസ്ഥാനത്തെ 20 മണ്ഡലങ്ങളിൽ 19 എണ്ണവും കോൺഗ്രസ് ഉൾപ്പെട്ട യു.ഡി.എഫ്. സഖ്യത്തിന് സ്വന്തമാക്കാൻ കഴിഞ്ഞതും അവർക്ക് ആശ്വാസം നൽകി. ആലപ്പുഴയിലെ ഒരു സീറ്റ് മാത്രമാണ് എൽ.ഡി.എഫിന് ലഭിച്ചത്. ബി.ജെ.പിക്ക് ഇത്തവണയും സംസ്ഥാനത്ത് അക്കൗണ്ട് തുറക്കാനായില്ല. ദേശീയശ്രദ്ധ ആകർഷിച്ച തിരുവനന്തപുരം മണ്ഡലത്തിൽ യു.ഡി.എഫിലെ ഡോ. ശശി തരൂരാണ് വിജയിച്ചത്.

ആറ്റിങ്ങൽ മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി അഡ്വ.അടൂർ പ്രകാശ് 38,247 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. അദ്ദേഹം 3.80 ലക്ഷം വോട്ടും തൊട്ടടുത്ത എതിർ സ്ഥാനാർത്ഥി ഡോ. എ.സമ്പത്ത് 3.42 ലക്ഷം വോട്ടുമാണ് നേടിയത്. ബി.ജെ.പിയിലെ ശോഭ സുരേന്ദ്രൻ 2.48 ലക്ഷം വോട്ട് നേടി ശക്തി തെളിയിച്ചു. ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ 7 നിയമസഭ മണ്ഡലങ്ങളിൽ 6 എണ്ണവും യു.ഡി.എഫിനൊപ്പമായിരുന്നു. നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ മാത്രമാണ് എൽ.ഡി.എഫിന് ലീഡ് നേടാനായത്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതത്തിൽ നടന്ന ഈ തിരഞ്ഞെടുപ്പിൽ വിജയിയായ പ്രധാനമന്ത്രി നരേന്ദ്രമോദി നയിക്കുന്ന ഗവൺമെന്റ് സുസ്ഥിരമായതും വികസനോന്മുഖവുമായ ഭരണം കാഴ്ചവയ്ക്കുമെന്ന് പ്രതീക്ഷിക്കാം.



അഡ്വ.അടൂർ പ്രകാശ്



ഡോ.ശശി തരൂർ

# ശാന്തിഗിരി-വി.കെ.എൽ ആയുർവേദ സിദ്ധ ഹെൽത്ത് കെയർ സെന്റർ പ്രവർത്തനമാരംഭിച്ചു

**കൊച്ചി :** ആതുരസേവനരംഗത്തെ പ്രമുഖരായ ശാന്തിഗിരിയുടെ 106-മത് ഹെൽത്ത് കെയർ സെന്റർ കുണ്ടന്നൂരിൽ പ്രവർത്തനം ആരംഭിച്ചു. ബഹ്റിനിലെ പ്രമുഖ കമ്പനിയായ വി.കെ.എൽ ഗ്രൂപ്പുമായി സഹകരിച്ചാണ് എറണാകുളം ജില്ലയിലെ ഈ സെന്റർ ആരംഭിച്ചത്.

സെന്ററിന്റെ ഉദ്ഘാടനം പ്രൊഫ.കെ.വി.തോമസ് എം.പി. നിർവഹിച്ചു. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ചടങ്ങിൽ മഹനീയ സാന്നിധ്യമായി. മരുന്നുകളുടെ വിപണന ഉദ്ഘാടനം പി.റ്റി. തോമസ് എം.എൽ.എ. നിർവഹിച്ചു. വി.കെ.എൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ഡോ.വർഗീസ് കുര്യൻ, എ.എൻ. രാധാകൃഷ്ണൻ, കെ.എ.ദേവസ്സി, റ്റി.എച്ച്. നാദിറ, ജോയ് വി., ഷാജി. കെ. മാത്യു എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

എല്ലാ ശനിയാഴ്ചകളിലും നടത്തുന്ന സ്പെഷ്യലിറ്റി ക്ലിനിക്കുകൾക്ക് ശാന്തിഗിരി മെഡിക്കൽ സർവീസിലെ സീനിയർ ഡോക്ടർമാർ നേതൃത്വം നൽകും. സ്പെഷ്യലിറ്റി ക്ലിനിക്കുകൾക്ക് മുൻകൂർ ബുക്കിംഗ് ചെയ്യേണ്ടതാണ്. ആയുഷ് ഡിപ്പാർട്ട്മെന്റ് മുൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. കെ.ഗോപകുമാറിന്റെ നേതൃത്വത്തിൽ ഓർത്തോ സ്പെഷ്യാലിറ്റി ക്ലിനിക്ക് പ്രവർത്തിക്കും. വാതരോഗങ്ങൾക്ക് റിട്ട. ഗവൺമെന്റ് മെഡിക്കൽ ഓഫീസർ ഡോ. ബി രാജ്കുമാറും ആയുർവേദ മർമ്മ ക്ലിനിക്കിന് സീനിയർ മർമ സ്പെഷ്യലിസ്റ്റ് ഡോ.ആനന്ദ് ജി. എന്നിവർ നേതൃത്വം നൽകും. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള വിഭാഗത്തിന് ശാന്തിഗിരിയിലെ മെഡിക്കൽ ഓഫീസർ ഡോ. റിജു കെ. ആണ് നേതൃത്വം നൽകുന്നത്. മുൻകൂർ ബുക്കിംഗിന് 0484-2707015 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.



ശാന്തിഗിരി - വി.കെ.എൽ ഹെൽത്ത് കെയർ സെന്ററിന്റെ ഉദ്ഘാടനം പ്രൊഫ.കെ.വി.തോമസ് എം.പി. നിർവഹിക്കുന്നു. പി.റ്റി തോമസ് എം.എൽ.എ, സ്വാമി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഡോ.വർഗീസ് കുര്യൻ, എ.എൻ. രാധാകൃഷ്ണൻ തുടങ്ങിയവർ സമീപം

# ഗുരുവാണി

നമ്മൾ അറിയുന്ന ഇന്ത്യയുടെ മൂല്യത ഉറപ്പിക്കണമെങ്കിൽ മനുസ്മൃതിയുടെ കർമമെന്തെന്നു പറഞ്ഞാലേ പറ്റൂ. സനാതനമെന്നു പറഞ്ഞുപോരാറുള്ള കർമശേഷി നമുക്കു നഷ്ടപ്പെട്ടുപോയി: അത് എവിടെവെച്ച്, എങ്ങനെ നഷ്ടപ്പെട്ടുപോയി എന്നറിയില്ല. എന്നാൽ നമുക്ക് ഇന്നറിയാം. പലവിധമായ കഥകൾ എഴുതിച്ചേർത്ത് സാംസ്കാരികജീവിതക്രമം പുലർത്താൻ നോക്കിയതുകൊണ്ട് തനിമ നഷ്ടപ്പെട്ടുപോയെന്ന കാര്യം. അത് അധികം പേർക്കുമറിയില്ല. അതാരുടെയും കുറ്റമായിട്ടു പറയേണ്ട. എന്നാൽ ഇങ്ങനെ വന്നുപോയി എന്നുള്ള സത്യം വെളിപ്പെടുത്തുക. അതിനു പരിഹാരം തേടുന്ന ജനസഞ്ചയത്തിന് കാലനിർണയമെന്ന ഒരവസ്ഥയില്ലാതെ കൈകാര്യം ചെയ്യാനാവില്ല. നമ്മുടെതായ, അല്ലെങ്കിൽ ഇന്ത്യയുടെതായ, കാലം എന്നത് ലോകത്തിന്റേതായി നമ്മൾ കാണണം. കേവലം രാമരാജ്യം പറയുന്നതുപോലുള്ള കണക്ക് കഥയില്ലായ്മയാണെന്നു വിചാരിക്കരുത്. കഥയുള്ളതാണു പറയുന്നത്. മനുസ്മൃതിയനുസരിച്ച് യുഗധർമത്തെപ്പറ്റി പല കണക്കുകൾ പറയുന്നുണ്ട്. ഇതിൽ ഏതാണു നീക്കുപോക്കുള്ള കണക്ക്? ഇവിടെ കിട്ടിയിട്ടുള്ള കാര്യം വേറെയാണ്.

ദയാനന്ദസരസ്വതിയുടെ വേദപര്യടനം എന്നൊരു പുസ്തകമുണ്ട്. അതിൽ കുറച്ചു പറയുന്നുണ്ട്. എന്നാൽ അതിലും എല്ലാം പറയാനൊക്കാത്ത കഴിവുകേട് കാലങ്ങളുടെ നീളത്തിൽ വന്നുപോയിട്ടുണ്ട്. അതും ഒരു കുറ്റമായിക്കാണേണ്ടതില്ല. അത് സഹിക്കുകയാണു വേണ്ടത്. ഓരോ രാജ്യത്തിന്റെയും ഘടനാവിശേഷം കൊണ്ട് വന്നുപോയതും ലോകം മൊത്തം വന്നുപോയതും കാലങ്ങളെക്കൊണ്ട് അളന്നുകുറിക്കാൻ വയ്യാത്തതുമായ ഗതികേട് നമ്മുടെ രാജ്യത്തെന്നപോലെ സകലരാജ്യത്തും വന്നതിനെ നമ്മൾ സഹിച്ചു പെരുമാറുക.

ഈ സഹനശക്തി നമ്മൾ കാണിച്ചില്ലെങ്കിൽ യുഗാന്തരങ്ങളുടെ ഏറ്റക്കുറച്ചിലെന്തെന്ന് വരുംതലമുറയ്ക്ക് പറയാൻ വയ്യാതാകും. ഇത്രയും കാര്യങ്ങൾ ഇതിന്റെ മുഖവുരയാണ്. ഇതിന്റെ കുറച്ചു കാര്യങ്ങൾകൂടി താഴെ ചേർക്കുന്നു. കാര്യകാരണസഹിതം കുറച്ചു കാര്യങ്ങൾകൂടി വേറെയും എഴുതാനുണ്ട്. അതിനിപ്പോൾ സമയമില്ലാത്തതിനാൽ പിന്നീട് അറിയിക്കാം. ബ്രഹ്മനിശ്ചയവും അതിലെ യുഗാന്തരധർമവും ദൈവഗത്യാ നടക്കുന്നു. ഇത് പ്രത്യേകമായി പറയുന്നത് യുഗധർമത്തിന്റെ രൂപഭേദങ്ങൾ അനുസരിച്ചുള്ള മാറ്റം കണ്ടുകൊണ്ടാണ്. ആ നിശ്ചയം മനുപരമ്പരയുടെ ആജ്ഞപ്രകാരമായിരിക്കും. ഇത് ധർമപ്രചരണാർത്ഥം ആയിരിക്കേണ്ടത്, മനുപരമ്പരയിലെ ഒരു ഗുരുവിന്റെ യുക്തിവിചാരംകൊണ്ടും പാണ്ഡിത്യംകൊണ്ടും യുക്തിപ്രചരണാർത്ഥമായി മാറി. പിൽക്കാലത്ത് ജനങ്ങൾ കൈക്കൊണ്ടുപോയ പണ്ഡിതോചിതമായ ആരാധനാരീതിമൂലം കാലങ്ങളെ നിർണ്ണയിക്കാൻ വയ്യാത്ത ഗതികേടിലെത്തിച്ചേർന്നു. ഇത് വിധിവിഹിതമായ കർമമാണെന്ന് പണ്ഡിതനോ യുക്തിവാദിക്കോ അറിയാവുന്നതല്ല. ഇങ്ങനെയൊരു പിശകിന് ഇരുപത്തിയഞ്ചു ചതുർയുഗങ്ങളുടെ പഴക്കമുണ്ടെന്ന് ആരറിയുന്നു! ആ നിലയ്ക്ക്, പണ്ഡിതവരേണ്യന്മാർ ചിലർ മനുവെപ്പറ്റി പറയുന്നുണ്ടെങ്കിലും മനുവിന്റെ കാലാവധി എത്രയെന്ന് അവർക്കും നിശ്ചയമില്ല. അതു വന്നതിനു കാരണം ബ്രഹ്മാവിന്റെ ഒരു പകൽ പതിനാലു മനുക്കളുടെ കാലദൈർഘ്യം എന്ന് ഹൈന്ദവധർമം കുത്തിക്കുറിച്ച പണ്ഡിതന്റെ അവസരവാദമാണ്. അതിനോടൊപ്പം നിന്നപ്പോൾ മനുഷ്യന് കാരണവും കാര്യവും ചിന്തിക്കാൻ പോലും വയ്യാത്തവിധം ആയിപ്പോയി. ഈ അവസരവാദം പടർന്ന് പന്തലിച്ച് രാമശബ്ദം വന്നു. അതു സിദ്ധരൂപത്തിലെത്തിച്ചപ്പോൾ അമരകോശം വന്നു. അതു പിന്നെ ദേവനു പ്രാധാന്യം കല്പിച്ച് ദാസിയാട്ടത്തിൽവരെ എത്തിച്ചു നിർത്തി. ഈ കലാരൂപത്തിൽ മനുഷ്യൻ അലങ്കരിച്ചു വീണുപോയതാണ് അബദ്ധം. അങ്ങനെയുള്ള കലാരൂപം സിദ്ധിമഹിമയിലും ഔഷധമൂല്യങ്ങളുടെ കർമത്തിലും വന്നപ്പോൾ അത് രസവാദപ്രയോഗം (alchemy) വരെ എത്തി. ആ പാടലുകളാണ് ഭോഗർ പന്തീരായിരവും അഗസ്ത്യർ ഏഴായിരവും. ഇങ്ങനെ മൂല്യനിർണയം വന്നപ്പോൾ ദൈവനാമരൂപത്തിൽ കയ്യടക്കവേല എന്ന സിദ്ധിമാർഗം പ്രത്യക്ഷപ്പെട്ടു. ആ കർമങ്ങൾ വന്നുവന്ന് ഹഠയോഗം, ചന്ദ്രികയോഗം, ഹംസയോഗം, രാജയോഗം ഇങ്ങനെ പലതായിത്തിരിഞ്ഞിട്ട് അത്ഭുതങ്ങളുടെ ഒരു വേലിയേറ്റംതന്നെ സൃഷ്ടിപരമായി വന്നുചേർന്നു. അത് ഇന്നു നമുക്ക് സൂക്ഷിച്ചാൽ കാണാൻ പ്രയാസമില്ല.

## വചനദീപ്തി

*ഈശ്വരൻ ഉണ്ട് എന്ന് വിചാരിക്കുന്നവർക്ക് ആ ഈശ്വരൻ അറിവിന്റെ രൂപമായി മനസ്സിൽ ഉണ്ടാവും.*

**ശ്രീരമണ മഹർഷി**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

31.05.2019 – **ആനന്ദപുരം**

## യാമപ്രാർത്ഥന

2019 മെയ് 30 :– 9 PM- 12 AM

# പ്രത്യക്ഷാവഹം ധർമം

**പ്രകാശപഥം**

ഗുരു നമ്മുടെ മുമ്പിൽ എല്ലാമായിട്ടു നിൽക്കുന്നു. ആ ആത്മസ്വരൂപം ആത്മാവിനെ നിവേദിച്ചറിയുന്ന ധർമത്തിന്റെ പാതയിലേക്ക് നമ്മെ അടുപ്പിക്കുന്നു. എവിടെയാണ് ആ സ്വരൂപത്തിന്റെ അവസ്ഥാന്തരം? അല്ലെങ്കിൽ ആ തപശ്ചര്യയിൽ ഗുരു അനുഭവിച്ച ത്യാഗത്തിന്റെ സുകൃതം എവിടെയാണ്? അത് ഇരുപത്തിയഞ്ച് ചതുർയുഗങ്ങളായിട്ട് എങ്ങനെയാണ്? ആ ഇരുപത്തിയഞ്ച് ചതുർയുഗങ്ങളിലെ തെറ്റിനെ തിരുത്താൻ, ബ്രഹ്മം തന്റെ ഗുരുവിന്റെ രൂപത്തെ ഈ ഭൂലോകത്തിലേക്ക് കൊണ്ടുവന്നതെന്ന് അനുഭവിച്ചറിയുന്ന ഒരു സത്യം, ആ സത്യത്തിന്റെ പൂർത്തീകരണസ്വഭാവം ഇന്നതുപോലെയാണെന്ന് തന്റെ ഗുരു അനുഭവം കൊണ്ട് കാണിച്ചു തരും.

ആ അനുഭവം മറ്റൊന്നുമല്ല. ശിഷ്യൻ ഗുരുവിനെ അറിയും. എങ്ങനെ? തന്റെ ഓരോ നിമിഷാർധം താൻ പങ്കുവെച്ച എല്ലാ വേദനയിലും സുഖത്തിലും ദുഃഖത്തിലും യുഗാന്തരങ്ങളായും ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ ദീർഘദർശിത്വം കൊണ്ട് ശിഷ്യൻ അറിയുന്ന ഗുരു.ആ ഗുരുവാണ് കാലാന്തരഗുരു. ആ കാലാന്തര ഗുരു എങ്ങനെയെല്ലാം ഭൂമികകളിൽ ജന്മം എടുത്തിരുന്നു. ഏതെല്ലാം യുഗങ്ങളിൽ, മന്വന്തരങ്ങളിൽ ഏതെല്ലാം ശ്രേണികളിൽപ്പെട്ട് ജീവിതം ആരോടൊക്കെയൊത്ത് ജീവിച്ചിരുന്നു എന്ന് നാം അനുഭവിച്ചുതന്നെ അറിയണം. ആ അനുഭവസാക്ഷിത്വത്തെ “ത്രിപുടി മുടിഞ്ഞ് തെളിഞ്ഞിടുന്ന ദീപം കപടയതിക്ക് കരസ്ഥമാകില്ല” എന്നാണ് വിവക്ഷിച്ചിരിക്കുന്നത്. ഈ ത്രിപുടി എന്താണ്? ഈ സന്ന്യാസി എവിടെയാണ്? അല്ലെങ്കിൽ ഈ ഭക്തൻ എവിടെയാണ്? അല്ലെങ്കിൽ ഈശ്വരൻ എവിടെയാണ്? ഞാൻ ഈശ്വരനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ നിങ്ങളെ കാണുന്നതിനേക്കാൾ വ്യക്തവും പൂർണ്ണവുമായ സ്വരൂപ അരൂപങ്ങളോടുകൂടി എന്റെ ഗുരുവിൽക്കൂടി ഈശ്വരനെ അറിയുന്നു, അല്ലെങ്കിൽ ദൈവത്തെ അറിയുന്നു, അല്ലെങ്കിൽ പരബ്രഹ്മത്തെ അറിയുന്നു, എന്നു പറയാൻ കരുത്താർജ്ജിച്ച ഒരു ശിഷ്യപരമ്പരയാണ് നാം. അങ്ങനെ ബ്രഹ്മം എന്താണെന്നും ഏതാണ് ബ്രഹ്മപ്രകാശമെന്നും പരബ്രഹ്മപ്രകാശം എന്താണെന്നും എന്താണ് ഈ ഒലിയെന്നും ആ ഒലിയിൽവച്ച് ഏതെല്ലാം ഒലികൾചേർന്നാണ് മറ്റൊരു ഒലിയെന്നും താൻ സൂക്ഷിച്ചുവച്ചിരുന്ന തപശ്ചര്യയിൽ നിന്നും അടർത്തിയെടുത്തതുപോലെ മാംസക്കണ്ണിനും ഗോചരമായി തന്റെ ഗുരു ‘പ്രത്യക്ഷാവഹം ധർമം’ എന്ന നിലയിൽ തന്റെ ശിഷ്യന് കാട്ടിക്കൊടുക്കുന്നു.

ഞാൻ ചെറുപ്പത്തിലേ കണ്ട ഒരനുഭവം നിങ്ങളോട് പറയാം. കാരണം ചെറുപ്പസ്വഭാവത്തിൽ ഗുരുവിനോടൊത്തു കഴിഞ്ഞപ്പോൾ ഗുരു പലപ്പോഴും എന്നോട് പറയുമായിരുന്നു; “നീ നോക്കൂ, ഇന്നതുപോലെ ചെയ്യേണ്ടേ, ഇന്നതു ചെയ്താൽ ഇന്നതുപോലെ വരുമോ......?” അതീവരഹസ്യങ്ങളായ നിഗൂഢാത്മകമായ കാര്യങ്ങൾ പോലും ഗുരു ചോദിച്ചു മാത്രമേ ചെയ്യാറുള്ളൂ. അപ്പോഴൊക്കെ ഞാൻ ചിന്തിച്ചിട്ടുണ്ട്. എന്റെ മാനുഷികമായ ചിന്തയിൽ ഗുരു എല്ലാമായിട്ടിരിക്കുമ്പോൾ എന്തിനാണ് എന്നെക്കൊണ്ട് ഗുരു വീണ്ടും വീണ്ടും ഇങ്ങനെ നോക്കിക്കുന്നതെന്ന്? എന്റെ സംശയം ആ രൂപത്തോടുതന്നെ നോക്കി ഞാൻ കണ്ണീർ വാർത്ത രംഗങ്ങൾ എന്റെ മനസ്സിൽ എത്രയോ കടന്നുപോകുന്നു. കാരണം ഗുരു ആരാണെന്ന് എനിക്കറിയാം. ഗുരുവിനും അറിയാം. ഗുരു ദൈവമാണെന്ന് അനുഭവിച്ച് ഞാൻ അറിയുന്നു. ബ്രഹ്മമാണെന്ന് അനുഭവിച്ചറിയുന്നു. ഗുരുവിന്റെ മന്വന്തരപ്പടവുകൾ അനുഭവിച്ചു ഞാനറിയുന്നു. ആ അറിയുന്ന സന്ദർഭത്തിൽ എന്റെ ഗുരുവിനെ ഞാൻ എങ്ങനെ ബോധ്യപ്പെടുത്തും എങ്ങനെ ബോധ്യപ്പെടുത്തുകയില്ല എന്ന് മനുഷ്യരാശിയുടെ മുമ്പിൽ എന്റെ അനുഭവമല്ലാതെ എനിക്ക് പങ്കുവെക്കാൻ മറ്റൊന്നുമില്ല. ശിഷ്യൻ അനുഭവിച്ചു തന്നെ ഗുരുവിനെ അറിയണം. ആ അനുഭവമാണ് സാക്ഷാത്കാരമെന്നും അശരീരിയെന്നും പ്രത്യക്ഷാവഹം ധർമം എന്നുമൊക്കെ ഗുരുഗീതയിൽ പറയുന്ന ഭാഗം. ആ ഭാഗം മുടിഞ്ഞുതന്നെ തീരണം. ആ മുടിയാണ് “ത്രിപുടി മുടിഞ്ഞിടുന്ന ദീപം കപടയതിക്ക് കരസ്ഥമാകുവീല”എന്നതിന്റെ സാരം.

( **‘ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ’** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്

ഇന്നോളം വന്ന മഹാത്മാക്കളുടെ ജീവിതം എടുത്തുനോക്കിയാൽ എല്ലാ മഹാത്മാക്കളും വളരെയേറെ ക്ലേശിക്കേണ്ടിവന്നിട്ടുള്ളതായിട്ടാണു ചരിത്രം. മഹാത്മാക്കാളുടെ ശരീരവും മനസ്സും ജീവനും ആത്മാവും ചുട്ടുപൊള്ളുകയും ഉള്ളും പുറവും ഒരുപോലെ വേദനിക്കുകയും ചെയ്തു. അവരുടെ സമകാലികരായ മനുഷ്യരുടെ വേദനയും വിഷമവും തന്നെയായിരുന്നു അവരുടെ വേദനയും വിഷമവും. മാനവരാശിയുടെ നന്മമാത്രം ലക്ഷ്യമായിക്കണ്ടു പ്രവർത്തിച്ച മഹാത്മാക്കൾ അതിനുവേണ്ടി സ്വയം കത്തിയെരിയുകയായിരുന്നു. തങ്ങളെത്തന്നെ അതിലേക്ക് ഹോമിക്കുകയായിരുന്നു.

അത്ഭുതം കാണിക്കലും ഭാവിപ്രവചനവും മന്ത്രതന്ത്രവിദ്യകളുടെ പ്രയോഗവുമാണ് മാഹാത്മ്യമായി പലരും കരുതിപ്പോരുന്നത്. ഇതിനു പുറമെ പാണ്ഡിത്യത്തിന്റെ നിലയ്ക്കാത്ത പ്രകടനവും കൂടിയുണ്ടെങ്കിൽ എല്ലാമായെന്നു ധരിക്കുന്നവരുമുണ്ട്. നൂറ്റാണ്ടുകളുടെ അല്ലെങ്കിൽ ആയിരത്താണ്ടുകളുടെ പഴക്കത്തിൽ വന്നുപോയ അബദ്ധങ്ങളുടെ തുടർച്ചയാണ് ഈ ധാരണകൾ. അതുകൊണ്ടുതന്നെ ഇതിനെ തിരുത്തിയെടുക്കുക ക്ഷിപ്രസാദ്ധ്യമല്ല.

മനുഷ്യരാശിയുടെ ഇന്നോളമുള്ള സഞ്ചാരപഥങ്ങളിൽ മന്ത്രതന്ത്രവിദ്യയ്ക്കും സിദ്ധിപ്രയോഗങ്ങൾക്കും ലഭിച്ച പ്രാമുഖ്യം ഇതിനൊരു കാരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. ഇതുമൂലം ഈശ്വരസങ്കല്പത്തിൽ വന്ന പിശകാണ് മറ്റൊരു കാരണം. ഈ പിശക്, ഈശ്വരനോന്മുഖമായ ഒരു ജീവിതത്തിൽ നിന്നു മനുഷ്യനെ നാശത്തിന്റെ പടുകുഴിയിലേക്ക് പറിച്ചുനട്ടു.

ദൈവസാന്നിധ്യംകൊണ്ട് സുഗന്ധപൂരിതമാകേണ്ട മനുഷ്യഹൃദയങ്ങൾ ഇരുട്ടിന്റെ താവളമായി മാറി. മനുഷ്യമനസ്സുകളുടെ വ്യത്യസ്തവാസനകൾ തിരിച്ചറിഞ്ഞു തിരുത്തിയെടുക്കുന്ന ഗുരുശിഷ്യബന്ധത്തിന്റെ ഈടുവയ്പും നഷ്ടപ്പെട്ടു. സനാതനമൂല്യങ്ങളുടെ അന്തസ്സത്തയാകെ വരണ്ടുപോയി. ഇന്ത്യയിൽ, പ്രത്യേകിച്ചും കേരളത്തിൽ ഇതു സംഭവിച്ചു കൂടാത്തതാണ്. കാരണം, ഭാരതം ഋഷികളുടെ നാടാണ്. ഭാരതത്തിൽ നിന്നുയരുന്ന നന്മയുടെ ചിറ്റോളങ്ങൾ ലോകത്തെയാകെ പുണ്യപൂരിതമാക്കേണ്ടതാണ്. ഒരുകാലത്ത് സനാതനമൂല്യങ്ങളുടെ കേദാരമായിരുന്ന ഭാരതത്തിൽ നിന്നാണ് ഇതിനെല്ലാറ്റിനും തിരുത്തുണ്ടാകേണ്ടത്. ഇന്ത്യയിലാണിന്നും നന്മയുടെ പച്ചത്തുരുത്തുകൾ അങ്ങിങ്ങുയർന്നു നിൽക്കുന്നത്. പക്ഷേ ഇന്ത്യയുടെ സാമൂഹികാവസ്ഥയിൽ ഇന്നും ദുഃസ്വാധീനം ചെലുത്തുന്ന ജാതി–മത സാമുദായിക വേർതിരിവുകൾ മനുഷ്യപുരോഗതിക്കും ഈശ്വരോന്മുഖമായ ജീവിതത്തിനും തടസ്സം നിൽക്കുന്നതായി കാണാം. ഈശ്വരവിചാരത്തിന്റെ നെറുകയിലാണിത് ഇരുട്ടുപരത്തുന്നത്. ഈ ഇരുട്ടിനെയാണ് ത്യാഗജീവിതം കൊണ്ട് മഹാത്മാക്കൾ മാറ്റിയെടുക്കാൻ ശ്രമിച്ചത്. നമുക്കിന്ന് മറികടക്കാനുള്ളതും ഈ ഇരുട്ടിനെയാണ്.ശാന്തിഗിരിയെ സംബന്ധിച്ചിടത്തോളം പാത വളരെ വ്യക്തമാണ്. അതു ദൈവനിശ്ചയത്തിന്റെ പുണ്യാതിരേകമായി നിൽക്കുന്ന യുഗധർമ്മത്തിന്റെ പാതയാണ്. പരമകാരുണികനായ ഗുരുവിന്റെ പാതയാണ്. ആ പാത ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്ക് ലോകത്തെ നയിക്കുന്നു. ഇത് അനുഭവം കൊണ്ടു ബോധ്യപ്പെടേണ്ട വിഷയം.



ക്യാമ്പിന്റെ ഉദ്ഘാടനം മൃദംഗം വായിച്ച് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിക്കുന്നു




വേൾഡ് യോഗ കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് ശശികുമാർ എം.ഡി യെ (ശാന്തനൻ) ജസ്റ്റിസ് കെ.ആർ ഉദയഭാനു ആദരിക്കുന്നു. ഗുരു ദിലീപ്ജി മഹാരാജ്, കുമ്മനം രാജശേഖരൻ, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി തുടങ്ങിയവർ സമീപം

# ക്യാമ്പ് സംഘടിപ്പിച്ചു

**തിരുവനന്തപുരം :** ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക അഭിരുചികൾ കണ്ടെത്തുകയും വളർത്തുന്നതിന്റെയും ഭാഗമായി ശാന്തിഗിരി ആശ്രമവും സ്വസ്തി ഫൗണ്ടേഷനും എൽ.എൻ.സി.പി.യും മാസംതോറും നടത്തുന്ന ക്യാമ്പ് മൃദംഗം വായിച്ച് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. എസ്. ഗോപിനാഥ്, എബി ജോർജ്ജ്, ഫാ. ഫെലിക്സ്, ഡോ. ജി. വി.ഹരി, ഹാൻഷി, വി.വി. വിനോദ് കുമാർ, ഡാൻ ചാൾസ്, മോഹൻപിള്ള, ആദർശ് പ്രതാപ്, സിസ്റ്റർ എലീസ, ആർ ഹരികൃഷ്ണൻ എന്നിവർ ചേർന്ന് ഗാനമാപലിച്ച് ഉദ്ഘാടനത്തിന്റെ മാറ്റുകൂട്ടി. സ്വസ്തി ഫൗണ്ടേഷൻ ചെയർമാർ ജേക്കബ് പുന്നൂസ്, ഡോ. ദേവിൻ പ്രഭാകർ. ഡോ. കാർത്തിക ഗോപൻ, അപ്പൂസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



ശാന്തിഗിരി കരുണ ബേബിക്രഷിൽ നടന്ന മെഡിക്കൽ ചെക്കപ്പ്



അടൂർ ഗോപാലകൃഷ്ണനിൽ നിന്നും ടി.ബി.ലാൽ അവാർഡ് ഏറ്റുവാങ്ങുന്നു

# അവാർഡ് നേടി

**തിരുവനന്തപുരം :** തലസ്ഥാനത്ത് സമാപിച്ച കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച കവറേജിനും റിപ്പോർട്ടിംഗിനുമുള്ള പുരസ്കാരം മലയാള മനോരമ ചീഫ് റിപ്പോർട്ടർ ടി.ബി.ലാൽ നേടി. ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണനിൽ നിന്നും അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങി. കേരള സർക്കാരും ശിശുക്ഷേമസമിതിയും ചലച്ചിത്ര അക്കാദമിയും ചലച്ചിത്രവികസന കോർപ്പറേഷനും ചേർന്നാണ് കുട്ടികളുടെ ചലച്ചിത്രമേള സംഘടിപ്പിച്ചത്. ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ എം.ജി.രാധാകൃഷ്ണൻ അദ്ധ്യക്ഷനായ സമിതിയാണ് പുരസ്കാരത്തിനായി ടി.ബി.ലാലിനെ തിരഞ്ഞെടുത്തത്.



മെയ് 20 ന് വിദ്യാരംഭം നടത്തിയ കുരുന്നുകൾ താമരപർണ്ണശാലയ്ക്കുമുന്നിൽ

## പുല്ലാങ്കുഴൽ ക്ലാസ്സ് ആരംഭിക്കും

**റിസർച്ച്സോൺ :** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിൽ മെയ് 26 മുതൽ പുല്ലാങ്കുഴൽ ക്ലാസ്സ് ആരംഭിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ : 9847488614, 9961295748

## മാമ്പഴം വിൽപ്പനയ്ക്ക്

**അഗ്രിക്കൾച്ചർ സോൺ :** ആശ്രമം അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിൽ നിന്നും നല്ല ഇനം മാമ്പഴം വിൽപ്പനക്ക് ലഭ്യമാണ്. നീലം, കോട്ടൂർക്കോണം തുടങ്ങിയ വിവിധ ഇനം മാങ്ങകൾ കിട്ടും. ഫോൺ : 8111882366






ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം പൊൻമുടിയിലേക്ക് നടത്തിയ വിനോദയാത്രയിൽ നിന്ന്

# 'ഗുരുവിന്റെ കുടിൽ' നവീകരണം ആരംഭിച്ചു

**സ്പിരിച്വൽ സോൺ :** ഗുരുവിന്റെ കുടിലിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പൗർണ്ണമി ദിവസം ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. നിലവിലെ ഗുരുവിന്റെ മുറിയുടെയും കുടിലിന്റെയും നിർമ്മാണസാമഗ്രികളോട് സമാനപ്പെടുത്തിയാണ് പുതിയ എക്സ്റ്റൻഷൻ വർക്കുകൾ രൂപകല്പന ചെയ്തിരിക്കുന്നത്. ഏകദേശം 210 ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്. 9 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. പ്രവർത്തനം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.



*ഗുരുവിന്റെ കുടിലിന്റെ നവീകരണ പ്രവർത്തനത്തിന് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി തുടക്കം കുറിക്കുന്നു*

# 'ഉത്തരശ്രീ' ആലപ്പുഴയിൽ

**ആലപ്പുഴ :** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പഠനോപകരണ സഹായ പദ്ധതി 'ഉത്തരശ്രീ' ആലപ്പുഴ ഏരിയയിൽ ആരംഭിച്ചു. മെയ് 19ന് സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി മുഖ്യാതിഥിയായിരുന്നു. പദ്ധതിയുടെ ഭാഗമായി 125 വിദ്യാർത്ഥികൾക്ക് സഹായം നൽകി.



*ഉത്തരശ്രീ പഠനോപകരണ സഹായ പദ്ധതി സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*



*സിസ്റ്റർ ക്ലീറ്റസ് ഡെയ്സി ആശ്രമം സന്ദർശിച്ചപ്പോൾ*

# ആശ്രമം സന്ദർശിച്ചു

**സ്പിരിച്വൽ സോൺ :** നെതർലാൻഡ്സിൽ പ്രവർത്തിക്കുന്ന ജീസസ് മേരി ജോസഫ് സന്ന്യാസിനി സഭയുടെ സുപ്പീരിയർ ജനറലായിരുന്ന സിസ്റ്റർ ക്ലീറ്റസ് ഡെയ്സി ആശ്രമം സന്ദർശിച്ചു. അഭിവന്ദ്യശിഷ്യപൂജിതയുടെ ദർശനം നടത്തി. ദർശനസമയത്ത് ഗുരുവിന്റെ മുഖം മാത്രമാണ് മനസ്സിൽ വന്നതെന്നും ഇതൊരനുഗ്രഹമായി കരുതുന്നുവെന്നും സിസ്റ്റർ പറഞ്ഞു. 14 വർഷത്തോളം നെതർലാൻഡ്സിൽ സുപ്പീരിയർ ജനറലായിരുന്ന സിസ്റ്റർ ഈ സ്ഥാനത്തെത്തുന്ന യൂറോപ്യനല്ലാത്ത ആദ്യത്തെ വ്യക്തിയാണ്. യു.എൻ. കോൺഫറൻസിലും റോം, വത്തിക്കാൻ തുടങ്ങിയ സ്ഥലങ്ങളിൽ നടന്നിട്ടുള്ള കോൺഫറൻസുകളിലും പങ്കെടുത്തിട്ടുണ്ട്. ഇപ്പോൾ ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ ഡയറക്ടറാണ്.

# ഡിസ്കൗണ്ട് മേള

**റിസർച്ച്സോൺ :** ശാന്തിഗിരി ഷോപ്പിംഗ്മാളിൽ വിദ്യാർത്ഥികൾക്കാവശ്യമായ ബാഗ്, കുട, ഷൂസ്, പഠനോപകരണങ്ങൾ തുടങ്ങിയവ വിലക്കുറവിൽ ലഭ്യമാണ്. ഒഡീഷ്യ കമ്പനിയുടെ ക്യൂബിക്സ് ബ്രാൻഡ് ഷൂസ് ഏതെടുത്താലും 120 രൂപക്ക് കിട്ടും. സെല്ലോ കമ്പനി ഡിന്നർ സെറ്റ് ഒരെണ്ണം വാങ്ങുമ്പോൾ മറ്റൊരെണ്ണം സൗജന്യമായി ലഭിക്കും. പുതുതായി വന്നിട്ടുള്ള കോട്ടൺ യോഗമാറ്റ് 560 രൂപക്ക് കിട്ടും.




TRIVANDRUM
TOPS & NIGHTIES
Ladies & Kids
Poolanathara, Santhigiri P.O
9446611030

ഗുരുചരണം ശരണം

- ഓൺലൈൻ സേവനങ്ങൾ
- പാൻകാർഡ്
- പാസ്പോർട്ട്
- വാഹന ഇൻഷ്വറൻസ്
- സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ്
- ഡിറ്റി.എച്ച്. കണക്ഷൻ
- പി.എസ്.സി. രജിസ്ട്രേഷൻ
- എസ്.എസ്.സി. രജിസ്ട്രേഷൻ



കൃപ മൊബൈൽസ്
പൂലന്തറ ജംഗ്ഷൻ, ശാന്തിഗിരി പി.ഒ.
ഫോൺ : 9037307031

Gurucharanam Saranam
Santhigiri
Quality Education Through Holistic Approach



Admission Continues*
Pre KG to XI

2019-20 അധ്യയന വർഷം മുതൽ
ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ
ആഭിമുഖ്യത്തിൽ യോഗ ക്ലാസ്സുകൾ
ഉണ്ടായിരിക്കുന്നതാണ്

Santhigiri Vidyabhavan Senior Secondary School
(Affiliated to CBSE No. 930219)
ISO 9001-2015 Certified Quality Management System
9947047099, 8304084271
* No Donation, No Deposit, Affordable Fee, Scholarships Available, Hostel Facility Available for Girls


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala